# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി.അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, സംയോജിത ശിശു സംരക്ഷണ പദ്ധതി - തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - നടപ്പു സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ ഗുരുകുലം പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 21/08/2020-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.
(2) ഈ കാര്യാലയത്തിൽ നിന്നുള്ള ഐ.സി.പി.എസ് 2/2479/2020 തീയതി : 17/09/2020 നമ്പർ ഉത്തരവ്.
(3) തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 27/11/2020-ലെ GCH/84/19 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ : ICPS 2/3544/2020 (2) തീയതി : 28/12/2020

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെകുട്ടികൾക്കായി 2015 മുതൽ നടപ്പിലാക്കു വരുന്ന ഗുരുകുലം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികളുടെ ശാരീരിക-മാനസിക-പഠന-വിനോദ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പദ്ധതിയായ ഗുരുകുലം പദ്ധതി (ഡ്രായിംഗ്, പെയിൻറിംഗ്, കാർട്ടൂൺ, കളരികൾ, തിയറ്റർ, വർക്ക്ഷോപ്പ്, ക്രാഫ്റ്റ് വർക്ക്, വിനോദയാത്ര എന്നിവ) നടപ്പിലാക്കുന്നതിനായി 1,60,000/-രൂപയുടെ വിശദമായ പ്രൊപ്പോസൽ അനുമതിയ്ക്കായി പരാമർശം മൂന്ന് പ്രകാരം സ്ഥാപന സൂപ്രണ്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | ക്രാഫ്റ്റ് വർക്ക്, തിയറ്റർ വർക്ക്ഷോപ്പ് | 10,000/-രൂപ |
| 2 | മോട്ടിവേഷൻ ക്ലാസ്സ് | 10,000/-രൂപ |
| 3 | ഡ്രായിംഗ്, പെയിൻറിംഗ്, മ്യൂസിക് | 30,000/-രൂപ |
| 4 | പഠനത്തിന്റെ ഭാഗമായി ഉല്ലാസത്തിനും വിനോദത്തിനുമായി കുട്ടികൾക്ക് വിനോദയാത്ര സംഘടിപ്പിക്കുന്നതിന് | 1,00,000/-രൂപ |
| 5 | ആവശ്യമായ സാധനസാമഗ്രികൾ | 10,000/-രൂപ |
| | ആകെ തുക | 1,60,000/-രൂപ |
| | ഒഴിവാക്കുന്ന തുക<br>(കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കുട്ടികളെ ഏകദിനവിനോദയാത്ര കൊണ്ടുപോകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ ഭാഗമായുള്ള വിനോദയാത്ര ഒഴിവാക്കുന്നു) | 1,00,000/-രൂപ |
| | അനുവദിക്കാവുന്ന ബാക്കി തുക | 60,000/-രൂപ |
| | | (അറുപതിനായിരം രൂപ മാത്രം) |

പരാമർശം ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്കായി നടപ്പു സാമ്പത്തിക വർഷം ഗുരുകുലം പദ്ധതി നടപ്പിലാക്കുന്നതിന് 1,60,000/-രൂപ ഐ.സി.പി.എസ് ഇന്നൊവേറ്റീവ് പ്രോഗ്രാം കമ്പോണൻറിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു. ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം രണ്ട് ഉത്തരവ് പ്രകാരം ആയതിന് ഭരണാനുമതി

PTO

നൽകുകയും ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സ്ഥാപനത്തിലെ കുട്ടികളെ ഏകദിനവിനോദയാത്ര കൊണ്ടുപോകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ വിനോദയാത്ര (ഒരു ലക്ഷം രൂപ) ഒഴിവാക്കി ബാക്കി തുകയായ 60,000/-രൂപ അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്കായി നടപ്പു സാമ്പത്തിക വർഷം ഗുരുകുലം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി വിനോദയാത്ര ഒഴിവാക്കി ബാക്കി ആവശ്യമായി വരുന്ന തുകയായ 60,000/-രൂപ (അറുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (60,000/-രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-61(P) 34 OC എന്ന ശീർഷകത്തിൽ നിന്നും (ഐ.സി.പി.എസ് ഇന്നൊവേറ്റീവ് പ്രോഗ്രാം കമ്പോണന്റിൽ ഉൾപ്പെടുത്തി) തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക തൃശൂർ രാമവർമ്മപുരം ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, കൈപ്പറ്റ് രസീത്, പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
തൃശൂർ

<u>പകർപ്പ്</u>

1. സൂപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്)
   രാമവർമ്മപുരം, തൃശൂർ
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
   (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ് (പബ്ലിഷ് ചെയ്യുന്നതിന്)

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്